II. അടിയന്തിര പ്രമേയം

എറണാകുളം ജില്ലയിൽ തത്തംപള്ളി എന്ന സ്ഥലത്ത് രണ്ടുവിഭാഗം ആളുകൾ തമ്മിലുണ്ടായ സംഘട്ടനത്തെ തുടർന്നുണ്ടായ ഗുരുതരാവസ്ഥ

മി. സ്പീക്കർ: എറണാകുളം ജില്ലയിലെ തത്തംപള്ളി എന്ന സ്ഥലത്ത് ഒരു റോഡു വെട്ടുന്നതിനെ സംബന്ധിച്ചുണ്ടായ തർക്കത്തിൽ രണ്ടുവിഭാഗം ആളുകൾ തമ്മിലുണ്ടായ സംഘട്ടനത്തെത്തുടർന്ന് കാർത്തികേയൻ എന്ന ഒരു പെത്തുതൊഴിലാളി മരണമടഞ്ഞതിന്റെ ഫലമായി ആ പ്രദേശത്തു നിലവിലുള്ള സംഘർഷാവസ്ഥയെക്കുറിച്ചു ചർച്ചചെയ്യുന്നതിന് ഇന്നത്തെ സഭാനടപടികൾ നിർത്തിവയ്ക്കണമെന്നുദ്ദേശിച്ചുകൊണ്ട് ശ്രീ. സേവ്യർ അറയ്ക്കൽ റൂൾ 50 അനുസരിച്ച് ഒരു നോട്ടീസ് നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രിക്ക് മറുപടി പറയാം.

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, എറണാകുളം ജില്ലയിലെ തത്തംപള്ളി എന്ന സ്ഥലത്ത് ഒരു റോഡുവെട്ടിയതിനെത്തുടർന്നുണ്ടായ തർക്കം ഒരു സംഘട്ടനത്തിലേക്കു നീങ്ങുകയും 27-ാം തീയതി രണ്ടുവിഭാഗം ആളുകൾ തമ്മിൽ സംഘട്ടനമുണ്ടാകുകയും ചെയ്തു. അതിന്റെ ഫലമായി ഒരു വിഭാഗത്തിൽ 12 പേർക്കും മറുവിഭാഗത്തിൽ ഏഴു പേർക്കും പരിക്കേൽക്കുകയും ആശുപത്രിയിൽവെച്ച് കാർത്തികേയൻ എന്ന യുവാവ് 28-ാംതീയതി രാവിലെ മരണമടയുകയും ചെയ്തു. തത്തംപള്ളി ഹെൽത്ത് സെന്ററിന്റെ അടുത്തുനിന്നും ഒരു റോഡുവെട്ടുന്നതിനുള്ള ശ്രമം നാട്ടുകാർ നടത്തി. അതിനുവേണ്ടി ഒരു ആക്ഷൻ കൗൺസിലും രൂപീകരിച്ചിരുന്നു. ബാലകൃഷ്ണൻ എന്നുപറയുന്ന ആളിന്റെ പുരയിടത്തിൽകൂടി റോഡുവെട്ടാൻ ആക്ഷൻ കൗൺസിൽ ശ്രമം നടത്തുകയും ബാലകൃഷ്ണന്റെ പുരയിടത്തിന്റെ വേലിപൊളിക്കുകയും ചെയ്തതിനെത്തുടർന്ന് അവിടെ ഒരു സംഘർഷം ആരംഭിച്ചു. വേലിപൊളിച്ച സംഭവത്തോടനുബന്ധിച്ച് നോർത്ത് പറവൂർ പോലീസ് പ്രതികൾക്കെതിരായി ഒരു കേസ് എടുത്തിട്ടുണ്ട്. അതിനിടയിൽ കൊച്ചി സബ്കളക്ടറുടെ നിർദ്ദേശമനുസരിച്ച് പോലീസ്സഹായത്തോടുകൂടി ബാലകൃഷ്ണൻ എന്നയാളിന്റെ പുരയിടത്തിൽ വേലികെട്ടുകയുണ്ടായി. അതിനുശേഷം ബാലകൃഷ്ണൻ എന്നയാളിന്റെ ഒരു ബന്ധുവായ സുരേന്ദ്രനും ഒരു ബേബിയും ജോലിസ്ഥലത്തുനിന്നും മടങ്ങവേ മറുവിഭാഗത്തിലുള്ള പത്തുപേരടങ്ങുന്ന ഒരു സംഘം സുരേന്ദ്രനേയും ബേബിയേയും തടയുകയും ആക്രമിക്കുകയും ചെയ്തു. ആക്രമണത്തിൽ സുരേന്ദ്രനും ബേബിക്കും പരിക്കേറ്റു. ഉടൻതന്നെ അവരെ ഒരു കാറിൽ കയറ്റി ആശുപത്രിയിലേക്കു കൊണ്ടുപോകാൻ ശ്രമിച്ചപ്പോൾ ആ കാർ വഴിക്കു വച്ചു ആക്രമിച്ചു. വളരെ narrow ആയി അവർ രക്ഷപ്പെട്ടു. ബാലകൃഷ്ണൻ എന്നുപറയുന്ന ആളിന്റെ സഹോദരന്റെ ഒരു റേഷൻകട അതിനടുത്തുണ്ടായിരുന്നു. ആ കടയുടെ അടുത്ത് ഇവരിൽ കുറെ ആളുകൾ ഒരുമിച്ചുകൂടി. അങ്ങനെയിരിക്കെ ആക്രമണകാരികൾ റേഷൻകടയുടെ മുൻവശത്തുള്ള റോഡിൽകൂടി നടന്നുവന്നപ്പോൾ രണ്ടുകൂട്ടരും തമ്മിൽ ഏറ്റുമുട്ടി. ബാലകൃഷ്ണന്റെ ഭാഗത്തുള്ള പന്ത്രണ്ടുപേർക്കും മറുഭാഗത്തുള്ള ഏഴുപേർക്കും പരിക്കേറ്റു. ഇവരെ രണ്ടുകൂട്ടരേയും പറവൂർ ഹോസ്പിറ്റലിലും എറണാകുളം ഹോസ്പിറ്റലിലുമായി കൊണ്ടുപോയി. 28-ാം തീയതി രാവിലെ കാർത്തികേയൻ മരണമടഞ്ഞു. രണ്ടുവിഭാഗത്തിലുള്ള ആളുകളെയും പ്രതികളാക്കിക്കൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

രണ്ടു കേസ്സുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേസുകളുടെ അന്വേഷണം വളരെ ശക്തിയായി മുന്നോട്ടു നീങ്ങുന്നുണ്ട്. കൂടാതെ ഈ പ്രദേശത്താകെ പോലീസ്പട്രോളും ഏർപ്പെടുത്തിയിട്ടുണ്ട്. അതിനും പുറമേ ഒരു പുതിയ എയ്ഡ് പോസ്റ്റ് സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ പറവൂർ സർക്കിളും ഇൻസ്പെക്ടർ അവിടെ ക്യാമ്പുചെയ്യുന്നുണ്ട്. ഇപ്പോളും അവിടെ യാതൊരു സംഘർഷവും നിലനിൽക്കുന്നില്ല. അതുകൊണ്ട് ഈ സഭ നിറുത്തിവച്ചു ചർച്ചചെയ്യേണ്ടയാവശ്യമുണ്ടെന്നു തോന്നുന്നില്ല.

ശ്രീ. സേവ്യർ അറയ്ക്കൽ: ബഹുമാനപ്പെട്ട മന്ത്രി അവസാനം പറഞ്ഞുനിറുത്തിയ വാചകം സാധാരണ ഇവിടെ ധാരാളമായി നാം കേൾക്കാറുള്ളതാണ്. അതായത് സഭാനടപടികളും നിറുത്തിവച്ചു ചർച്ചചെയ്യേണ്ട എന്നുള്ളത്. തത്തംപള്ളിയിൽ വളരെ രൂക്ഷമായ, ബീഭൽസമായ ഒരു സംഭവമാണു നടന്നതെന്നു അദ്ദേഹത്തിന്റെ മറുപടിയിൽനിന്നുതന്നെ മനസ്സിലാകുന്നുണ്ട്. ഭരണകക്ഷിയിലുള്ള രണ്ടു രാഷ്ട്രീയസംഘടനകളും ഇതിന്റെ പിന്നിലുണ്ടെന്നുള്ളതാണ് വസ്തുത. അവിടെ ഇന്നൊരു ഭീകരമായ അവസ്ഥയാണു നിലവിലുള്ളത്. തത്തംപള്ളിയിലുള്ള ജനങ്ങളുടെ വികാരങ്ങളും മനസ്സിലാക്കിക്കൊണ്ടും പൂർണ്ണമായ ഉത്തരവാദിത്വത്തോടും ഗൗരവത്തോടുകൂടിയും ആണ് ഞാനിതു പറയുന്നത്. ഞങ്ങളെ സംബന്ധിച്ചു പറയുകയാണെങ്കിൽ സാധാരണക്കാർക്ക് ഇപ്പോളും അവിടെ ജീവിക്കാൻ സാധിക്കാത്ത ഒരന്തരീക്ഷമാണ് ഉള്ളത്. ഇന്നലെ ശ്രീ. ടി. കെ. രാമകൃഷ്ണൻ തൃശ്ശൂർ സംഭവത്തെക്കുറിച്ചിവിടെ പറഞ്ഞു. അതിനുമുൻപുണ്ടായ തൃപ്പൂണിത്തുറ സംഭവത്തെക്കുറിച്ചു ഇവിടെ പറഞ്ഞിട്ടുണ്ട്. 1978-ലെ കണക്കുപ്രകാരം 21 രാഷ്ട്രീയ കൊലപാതകങ്ങളും നടന്നിട്ടുണ്ടെന്നാണ് ഗവൺമെൻറ് പറയുന്നത്. അതിൽനിന്നെല്ലാം മനസ്സിലാകുന്നത് ഇന്ന് ഈ സംസ്ഥാനത്ത് രൂക്ഷമായ അരാജകത്വവും അക്രമവും സംഘട്ടനവുമാണ് രാഷ്ട്രീയ പ്രവർത്തകർക്കുനേരിടേണ്ടിവരുന്നത് എന്നാണ്. ഈ വിഷയത്തെക്കുറിച്ചു വളരെ ഗഹനമായി സർക്കാർ ചിന്തിക്കുകയും സാധാരണ രാഷ്ട്രീയപ്രവർത്തനം നടത്തുന്നതിനും മറ്റു പ്രവർത്തനങ്ങളും നടത്തുന്നതിനും സാധ്യമാകുന്ന അന്തരീക്ഷം സൃഷ്ടിക്കുകയും ചെയ്യണമെന്നു ഞാനഭ്യർത്ഥിക്കുകയാണ്. ഇവിടെ ഒരു സുരക്ഷിതത്വബോധംഇല്ലെന്നുള്ള ഭയം ജനങ്ങൾക്കുണ്ട്. അതു മാറ്റിയെടുക്കുന്നതിനു തക്കതായ നടപടികളും ഗവൺമെൻറുഭാഗത്തുനിന്നും സ്വീകരിക്കേണ്ടതുണ്ട്. അതിൽ സംശയമുള്ളതുകൊണ്ടാണ് ഈ സഭാ നടപടികളും നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് ഞാൻ റൂൾ 50 അനുസരിച്ച് നോട്ടീസ് കൊടുത്തത്. തത്തംപള്ളിയിൽ ധാരാളം പോലീസുകാരുണ്ടെന്നു ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽനിന്നും മനസ്സിലാകുന്നുണ്ട്. പക്ഷേ നാട്ടുകാർ പറയുന്നത് പോലീസുകാരുള്ളതുകൊണ്ട് രണ്ടുകക്ഷിക്കാരും ചേർന്ന് ഇനിയും രൂക്ഷമായ രക്തച്ചൊരിച്ചിലുണ്ടായേക്കുമെന്നാണ്. അതുകൊണ്ട്, ആരുതന്നെ കുറ്റം ചെയ്താലും കർശനമായ നടപടി അവരുടെ പേരിൽ സ്വീകരിക്കണമെന്നു ഞാൻ മന്ത്രിയോടഭ്യർത്ഥിക്കുകയാണ്. ഒരു മനുഷ്യന്റെ ജീവന് നാം വില കൽപ്പിക്കണം. അതുപോലെ ഇനിയും പലരും മരിക്കാൻ സാദ്ധ്യതയുണ്ടെന്ന് ജനങ്ങൾ ശങ്കിക്കുന്നു. അവിടെ ധാരാളം ഗുണ്ടകളെ ഇറക്കിയിട്ടുണ്ട്. അതുകൊണ്ട് ദയവായി അങ്ങ് കർശനമായ നടപടി സ്വീകരിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. മാണി: ബഹുമാനപ്പെട്ട മെമ്പർ തത്തംപള്ളിയിലെ അസ്വസ്ഥത കേരളവ്യാപകമായ അസ്വസ്ഥതയായി ചിത്രീകരിക്കുകയാണ്. അത് ഇൻഡക്ടീവ് ലോജിക്കാണ്; ആ വാദഗതി തെറ്റാണ്. ഒരു ചർച്ചയിലേക്കൊന്നും ഞാൻ കടക്കുന്നില്ല. അവിടത്തെ അവസ്ഥ വളരെ നിയന്ത്രണാധീനമാണ്. ഫീസിബിളായ ഒരന്തരീക്ഷമാണ് അവിടെ നിലവിലുള്ളത്. എന്തെങ്കിലും ആശങ്കയുണ്ടെങ്കിൽ അതു ഗവൺമെൻറ് ശ്രദ്ധിക്കാം. കൂടുതൽ സംഘർഷമുണ്ടാകാതെയും കൂടുതൽ കുഴപ്പങ്ങളുണ്ടാകാതെയും വേണ്ടതുചെയ്യാൻ അവിടെ ശ്രദ്ധ കേന്ദ്രീകരിക്കാൻ ഒരുക്കമാണ്.

മി. സ്പീക്കർ: ഗവൺമെൻറ് സത്വരനടപടികളും സ്വീകരിച്ചതിൻെറ ഫലമായി സ്ഥിതിഗതികളും നിയന്ത്രണാധീനമാണെന്നു മന്ത്രി അറിയിച്ച സ്ഥിതിക്ക് ഈ അടിയന്തിരപ്രമേയത്തിനനുമതിനിഷേധിക്കുന്നു.

III. ശ്രദ്ധ ക്ഷണിക്കൽ

9.30—9.40
2-3-1979

വയനാട് ഡവലപ്പ്മെൻറ് അതോറിട്ടി രൂപീകരിക്കുവാനുള്ള തീരുമാനം നടപ്പാക്കുന്നതിനുള്ള കാലതാമസം

ശ്രീ. കെ. രാഘവൻ മാസ്റ്റർ: സർ, വയനാട് ഒരു അവികസിത പ്രദേശമാണെന്നുള്ള കാര്യം ഗവൺമെൻറുതന്നെ സമ്മതിച്ചിട്ടുള്ളതാണ്. 2725 ചതുരശ്രകിലോമീറ്റർ വിസ്തീർണ്ണമുള്ള വയനാട്ടിൽ പത്തുനാൽപ്പതു കൊല്ലംമുൻപ് ഏതാനും ജൻമിമാരും അവിടത്തെ ആദിവാസികളും മാത്രമാണുണ്ടായിരുന്നത്. അന്ന് വയനാടിനെ ഒരു വിഷകന്യകയെപ്പോലെയാണ് കണ്ടിരുന്നത്. ഇന്നാണെങ്കിൽ നാലുലക്ഷത്തിപതിനാലായിരം ജനസംഖ്യയുള്ളതും ഏറ്റവും കൂടുതൽ കുടിയേറ്റം നടന്നിട്ടുള്ളതുമായ ഒരു പ്രദേശമാണ്. അങ്ങനെ വിഷകന്യക എന്ന പേരുമാറ്റി സർവ്വസമ്പന്നയായ ഒരു സൗഭാഗ്യവതിയായി കാണുന്നതിൽ തെറ്റില്ല. കാരണം, കേരളത്തിന് കൂടുതൽ നാണ്യവിളനേടിത്തരുന്ന പ്രദേശമാണ് വയനാട്. ഇപ്പോഴുംതന്നെ വയനാട്ടിൽ ആറായിരം ഹെക്ടർ സ്ഥലത്ത് കുരുമുളകു കൃഷിചെയ്യുന്നുണ്ട്. കാപ്പികൃഷിയുടെ സ്ഥിതിയും മോശമല്ല. ഇതെല്ലാംകൂടി നോക്കുമ്പോഴും വയനാടിനെ ഒരു സ്വർണ്ണഖനിയായി ചിത്രീകരിക്കുന്നതിലും തെറ്റില്ല. ഈ പ്രദേശത്ത് വികസനപരമായ പ്രവർത്തനങ്ങളും നടത്തിയിട്ടില്ലെന്നുള്ളതു വളരെ ഖേദകരമാണ്. റോഡുകളുടെ കാര്യത്തിലും ആശുപത്രികളുടെ കാര്യത്തിലും വിദ്യാലയസൗകര്യങ്ങളുടെ കാര്യത്തിലും, ഈ പ്രദേശവും (പ്രത്യേകിച്ചു ആദിവാസികളും) വളരെ പിന്നോക്കമാണ് എന്നതിൽ യാതൊരു സംശയവുമില്ല. സർ, ഇതൊന്നും വെറുതെ പറയുന്ന കാര്യങ്ങളല്ല. സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്തന്നെ അതെപ്പറ്റി വസ്തുനിഷ്ഠമായ പഠനം നടത്തി ചില കാര്യങ്ങളൊക്കെ രേഖപ്പെടുത്തിയിട്ടുണ്ട്

Special programmes for the development for backward and tribal areas എന്ന പുസ്തകത്തിൽ. അതിൽപറഞ്ഞിരിക്കുന്ന ചില കണക്കുകളൊക്കെ ഇവിടെ ഉദ്ധരിക്കാൻ ഞാനാഗ്രഹിക്കുന്നു. റോഡുകളുടെ പണി നടത്തിയിട്ടുള്ളതിൻെറ സ്റ്റേറ്റസ് ആവറേജ് 100 ചതുരശ്രകിലോമീറ്ററിന്

LIBRARY ARCHIVES Kerala Legislative Assembly